DESPATCHED
On..13/8/21....



2/8/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 332(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 4322/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഓഗസ്റ്റ് 2**

ശ്രീ. ഷാജി കെ. ജോസഫ്
S/o ജോസഫ്,
കുറവക്കാട്ട് വീട്,
തെക്കേപുന്നമറ്റം കര, കടവൂർ പി.ഒ.,
കടവൂർ വില്ലേജ്, കോതമംഗലം താലൂക്ക്,
എറണാകുളം – 686 671.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്,
പൈങ്ങോട്ടൂർ പി.ഒ., എറണാകുളം – 686 671
2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
സിവിൽ സ്റ്റേഷൻ, എറണാകുളം – 682 030.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 12/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/06/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/07/2021 – (വീഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | അഡ്വക്കേറ്റ് ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷാജി കെ. ജോസഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ആസ്തി രജിസ്റ്റർ, റോഡ് രജിസ്റ്റർ എന്നിവ സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി കൃത്യമായ വിവരങ്ങൾ മന:പ്പൂർവ്വം ലഭ്യമാക്കിയില്ലെന്നും

ആയതിനെതിരെ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും അപ്പീൽ അധികാരി ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചു എന്നും ആയതിനാൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട കൃത്യമായ വിവരങ്ങൾ നൽകുന്നതിന് വേണ്ട നടപടി ഉണ്ടാകണമെന്നുമാണ്.

2. 16/09/2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) പൈങ്ങോട്ടൂർ പഞ്ചായത്തിൽ റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നു മുതൽ എന്നു വരെയുള്ളതെന്നും:

2) പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന റോഡ് രജിസ്റ്ററിലെ മുഴുവൻ റോഡുകളുടെയും പേര്, ആരംഭസ്ഥാനം, അവസാനിക്കുന്ന സ്ഥലം, നീളം, വീതി, രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റു വിവരങ്ങൾ എന്നിവയുടെ അടയാള സഹിതം പകർപ്പ് ലഭ്യമാക്കണമെന്നും

3) പൈങ്ങോട്ടൂർ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നു മുതൽ എന്നുവരെയുള്ളതെന്നും:

4) പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ആസ്തി രജിസ്റ്ററിലെ മുഴുവൻ റോഡുകളുടെയും പേര്, ആരംഭസ്ഥാനം, അവസാനിക്കുന്ന സ്ഥലം, നീളം, വീതി, രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റുവിവരങ്ങൾ എന്നിവയുടെ അടയാള സഹിതം പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12/10/2020 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെയും റോഡ് രജിസ്റ്ററിന്റെയും ആസ്തി രജിസ്റ്ററിന്റെയും വിവരങ്ങളും പകർപ്പുകളുമാണ് ആവശ്യപ്പെട്ടതെന്നും ടി വിവരങ്ങൾ മന:പ്പൂർവ്വം ലഭ്യമാക്കിയില്ലെന്നും റോഡ് രജിസ്റ്റർ ചോദിക്കുമ്പോൾ 'ഇല്ലെന്നും' 'ബാധകമല്ലെന്നുമുള്ള' വിവരം നൽകുകയും ആസ്തി രജിസ്റ്ററിൽ പരാമർശമുള്ള റോഡ് ഉണ്ടായിരിക്കെ ആവശ്യപ്പെട്ട ഫീസ് അടച്ചിട്ടും ടി റോഡിന്റെ പരാമർശമുള്ള അസ്സൽ രജിസ്റ്ററിന്റെ പകർപ്പുകൾ നൽകാതെ 1995 മുതലുള്ള വിവരം മാത്രമുള്ള ആസ്തി രജിസ്റ്ററിന്റെ കമ്പ്യൂട്ടർ പ്രിന്റ് നൽകിയെന്നും വിവരാവകാശ നിയമപ്രകാരം താൻ ആവശ്യപ്പെട്ട റോഡിനെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ എതിർകക്ഷി തരാതിരുന്നിട്ടുള്ളതാണെന്നും ആയതിനാൽ ടി വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട ഉത്തരവുണ്ടാകണമെന്നുമാണ്.

4. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത് പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിലെ റോഡുകളുടെ വിവരങ്ങളാണെന്നും ആയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകുകയും പകർപ്പ് ഫീസ് അടച്ച മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരൻ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ച ആക്ഷേപം റോഡ് രജിസ്റ്റർ 'ഇല്ല' എന്ന മറുപടി നൽകിയെന്നും ആവശ്യപ്പെട്ട പ്രത്യേക റോഡിന്റെ വിവരങ്ങൾ ലഭിച്ചില്ല എന്നുമാണെന്നും സർക്കാരിന്റെ 23.08.2017 തീയതിയിലെ തസ്വഭവ-ഐബി1/141/2017/തസ്വഭവ നമ്പർ പരിപത്രം പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആസ്തി വിവരങ്ങൾ 'സചിത്ര' സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും പൈങ്ങോട്ടൂർ ഗ്രാപഞ്ചായത്തിൽ റോഡ് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നില്ലെന്നും റോഡ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തി വിവരങ്ങളും 'സചിത്ര' സോഫ്റ്റ് വെറിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും ഹർജിക്കാരൻ ഉന്നയിക്കുന്നതുപോലെ കമ്പ്യൂട്ടർ പ്രിന്റ് അല്ല ഹർജിക്കാരന് ലഭ്യമാക്കിയിട്ടുള്ളതെന്നും ആധികാരികമായ സചിത്ര സോഫ്റ്റ് വെയറിലുള്ള ആസ്തി വിവരങ്ങളാണെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 16.09.2020-ന് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 12.10.2020 തീയതി മറുപടി നൽകിയിട്ടുള്ളതും ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പുകൾ ഫീസ് അടവാക്കിയ മുറയ്ക്ക് 22.10.2020 തീയതി നൽകിയിട്ടുള്ളതാണെന്നും ആയതിനെതിരെ ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും വിവരാവകാശ ഓഫീസറുടെ 20.11.2020-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14.12.2020 തീയതി ടി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരൻ പൊതു വിവരാവകാശ ഓഫീസർ മുമ്പാകെ സമർപ്പിച്ചിരുന്ന അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന മുഴുവൻ വിവരങ്ങളും ടിയാന് നൽകിയിരുന്നതാണെന്നും ടിയാന്റെ അപേക്ഷയിലെ 4-ാം നമ്പർ ചോദ്യത്തിൽ സൂചിപ്പിരിക്കുന്നത് നെടുവക്കാട് - തെക്കേ പുന്നമറ്റം എന്ന പേരിലുള്ള റോഡ് സംബന്ധിച്ചാണെന്നും പഞ്ചായത്തിന്റെ റോഡുകൾ സംബന്ധിച്ച ആസ്തി രജിസ്റ്ററിൽ ടി പേരിൽ റോഡ് ഉൾപ്പെടുന്നില്ലെന്നും പഞ്ചായത്തിൽ റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ ആധികാരിക വിവരങ്ങൾ 'സചിത്ര' സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി ഡിജിറ്റലായി സൂക്ഷിച്ചു പോരുന്നതും ടി രജിസ്റ്ററിന്റെ പകർപ്പ് പൂർണ്ണമായി ടിയാന് നൽകിയിട്ടുള്ളതാണെന്നും 6-ാം

ചോദ്യത്തിൽ റോഡുകളുടെ പേരുകൾ എഴുതി സ്ഥാപിച്ചത് സംബന്ധിച്ചുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് 2016/17 വർഷം പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 197/17 എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ രേഖകളുടെ പകർപ്പുകൾ സഹിതം ടിയാന് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ ചോദ്യങ്ങൾക്ക് വ്യക്തവും രേഖകളുടെ അടിസ്ഥാനത്തിലുമുള്ള മറുപടി സമയബന്ധിതമായി ഹർജിക്കാരന് നൽകിയിട്ടുള്ളതും പഞ്ചായത്ത് സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, നെടുവക്കാട്-തെക്കേപുന്നമറ്റം റോഡ് പഞ്ചായത്തിന്റെ റോഡ് രജിസ്റ്ററിൽ ഉണ്ടായിരിക്കെ ടി രജിസ്റ്ററിന്റെ പകർപ്പ് നൽകിയില്ലെന്നതാണ് ടിയാന്റെ പ്രധാന ആക്ഷേപം എന്ന് കാണുന്നു. ഒന്നാം എതിർകക്ഷി ടിയാന്റെ കൈവശമുള്ള ലഭ്യമായ വിവരങ്ങൾ സമയബന്ധിതമായി തന്നെ ഹർജിക്കാരന് നൽകിയതായി കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന ഒരു റോഡിന്റെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ രേഖകളിൽ നിന്നും കൃത്രിമം കാണിച്ചു കൊണ്ട് രേഖകളിൽ നിന്നും മാറ്റിയെന്നും മറ്റുമുള്ള അപ്പീൽ ഹർജിക്കാരന്റെ പരാതി വിവരാവകാശ നിയമപ്രകാരം പരിശോധിക്കുവാൻ നിർവ്വാഹമില്ല. ഇത്തരം കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് അപ്പീൽ ഹർജിക്കാരന് ബന്ധപ്പെട്ട വകുപ്പ് മേലധികാരിക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയുമായി ബന്ധപ്പെട്ട് ആസ്തി രജിസ്റ്ററിന്റെ കമ്പ്യൂട്ടർ പ്രിന്റ് ഔട്ട് ആണ് നൽകിയതെന്നും മറ്റുമുള്ള ഹർജിക്കാരന്റെ ആക്ഷേപം ദൂരീകരിക്കുന്നതിനായി അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുന്നപക്ഷം, വിവരാവകാശ അപേക്ഷയ്ക്ക് മറുപടി തയ്യാറാക്കി നൽകിയതിന് ആധാരമായ/ ലഭ്യമായ രജിസ്റ്റർ, സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള സൗകര്യം ഒന്നാം എതിർകക്ഷി ഹർജിക്കാരന് ചെയ്തു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഓഗസ്റ്റ് 2-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us